"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

നമ്പർ.സി1/1528/2018

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി:13.07.2018.

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഗവ. ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേന).

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-ഐ.ടി.ഐ.കളിലെ ആവർത്തന പ്രവേശനം-സംബന്ധിച്ച്.

സൂചന:- 11.05.2018 ലെ സ.ഉ (സാധാ) നം. 556/2018/തൊഴിൽ നമ്പരായ ഉത്തരവിന്മേലുള്ള 16.05.2018 ലെ സി1/22497/17 നമ്പർ പുറത്തെഴുത്ത് കത്ത്.

* * * *

സർക്കാർ ഐ.ടി.ഐകളിലെ പ്രവേശന സമയത്ത് മതിയായ പരിശീലനാർത്ഥികളെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രം ആവർത്തന പ്രവേശനം അനുവദിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). ആവർത്തന പ്രവേശനം ലഭിക്കുന്നവർക്ക് വീണ്ടും സ്റ്റൈപ്പന്റ് നൽകുന്നത് ഒഴിവാക്കിയും ഉത്തരവായിരുന്നു. ടി വിഷയങ്ങൾ 2018 ആഗസ്റ്റിലെ പ്രവേശനത്തിനായി പ്രസിദ്ധീകരിച്ചിരുന്ന പ്രോസ്പെക്ടസുകളിൽ ഉൾപ്പെടുത്തിയിരുന്നു. മേൽ സാഹചര്യത്തിൽ ഐ.ടി.ഐ.കളിൽ ഒരു പ്രാവശ്യം പോലും പ്രവേശനം ലഭിക്കാത്ത പരിശീലനാർത്ഥികൾക്ക് പ്രവേശനം നൽകിയതിന് ശേഷം മാത്രമേ ഒഴിവുള്ള സീറ്റുകളിൽ ആവർത്തന പ്രവേശനം അനുവദിക്കാൻ പാടുള്ളൂ എന്ന വിവരം അറിയിക്കുന്നു.

നിലവിലെ അഡ്മിഷൻ ക്ലോസിംഗ് തീയതി 31.07.2018 ആയതിനാൽ 30.07.2018 വരെയും പ്രവേശനത്തിനായി വേണ്ടത്ര പരസ്യം നൽകിയിട്ടും fresh candidates-നെ ലഭിക്കാതെ വരുകയാണെങ്കിൽ 31.07.2018-ന് ആവർത്തന പ്രവേശനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ പരിഗണിക്കാവുന്നതാണ് എന്നറിയിക്കുന്നു.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം:-

സൂചന കത്തിന്റെ പകർപ്പ്

ആർ.ഉ.7.7.18

**File No.LBRD-C2/47/2018-LBRD**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ്- വ്യാവസായിക പരിശീലന വകുപ്പ്- സർക്കാർ ഐ.ടി.ഐ കളിലെ ആവർത്തന പ്രവേശനം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**സ.ഉ.(സാധാ) നം./556/2018/തൊഴിൽ** തീയതി,തിരുവനന്തപുരം, 11/05/2018

പരാമർശം:- 1.31/08/2017ലെ സ.ഉ.(സാധാ) ന.1187/2017/തൊഴിൽ.

2.ട്രെയിനിംഗ് ഡയറക്ടറുടെ 16/03/2018,07/05/2018 എന്നീ തീയതികളിലെ സി1/1528/18 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള സർക്കാർ ഐ.ടി.ഐ.കളിലെ പ്രവേശനവുമായി ബന്ധപ്പെട്ട പ്രോസ്പെക്ടസിലെ നിബന്ധന പ്രകാരം ഏതെങ്കിലും ഒരു സർക്കാർ ഐ.ടി.ഐ.യിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും സർക്കാർ ഐ.ടി.ഐ.യിൽ പ്രവേശനം നൽകുന്നതല്ല എന്ന നിബന്ധന പ്രോസ്പെക്ടസിൽ നിന്നും ഒഴിവാക്കിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ആവർത്തന പ്രവേശനം അനുവദിക്കുമ്പോൾ സ്കിൽ പരിശീലനം ഒരു പ്രാവശ്യം പോലും ലഭിക്കാത്തവർക്ക് ആയത് ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തും എന്നതിനാൽ സർക്കാർ ഐ.ടി.ഐ.കളിലെ പ്രവേശന സമയത്ത് മതിയായ പരിശീലനാർത്ഥികളെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രം ആവർത്തന പ്രവേശനം അനുവദിക്കാമെന്നും, ഇത്തരത്തിൽ ആവർത്തന പ്രവേശനം ലഭിക്കുന്നവർക്ക് വീണ്ടും സ്റ്റൈപ്പന്റ് നൽകുന്നത് ഒഴിവാക്കണമെന്നുള്ള നിബന്ധനയും കൂടി ഉൾപ്പെടുത്തി പരാമർശം-1 ലെ ഉത്തരവിൽ ഭേദഗതി വരുത്തണമെന്ന് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ഐ.ടി.ഐ.കളിലെ പ്രവേശന സമയത്ത് മതിയായ പരിശീലനാർത്ഥികളെ ലഭിക്കാതെ വരുന്ന സാഹചര്യത്തിൽ മാത്രം ആവർത്തന പ്രവേശനം അനുവദിച്ചും, ഇത്തരത്തിൽ ആവർത്തന പ്രവേശനം ലഭിക്കുന്നവർക്ക് വീണ്ടും സ്റ്റൈപ്പന്റ് നൽകുന്നത് ഒഴിവാക്കികൊണ്ടും പരാമർശം 1 ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശിവദാസൻ ഇ.കെ**

**ജോയിന്റ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

File No.LBRD-C2/47/2018-LBRD

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്.(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻവേണ്ടി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് നം. സി1/22497/17 തീയതി: 16/05/2018**

**പകർപ്പ് സർക്കാർ, സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും, ഐ.ടിമാർക്കും – അറിവിലേയ്ക്കും തുടർനടപടികൾക്കുമായി (വകുപ്പ് വെബ്സൈറ്റ് മുഖേന)**

**ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി**

**പകർപ്പ്:**

CA to DT/ADT/ASPD/JDT/JDT(Regional Directorate Kannur),
DD(T), DD(P), DSA, TTO
**ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ മേധാവികൾക്കും.**

എ.17/05/2018